

# ഫ്രീഡം ഫ്ളോട്ടില ആക്രമണം ചരിത്രത്തിലെ വഴിത്തിരിവ്

ലേഖനം ● **റാശിദുൽ ഗനൂശി**

**കഴിഞ്ഞ** മെയ് അവസാനത്തിൽ, വിവിധ മതങ്ങളിലും വർണങ്ങളിലും പെട്ട ഒരു പറ്റം സമാധാന പ്രവർത്തകർ സഞ്ചരിച്ച ഗസ്സ ദുരിതാശ്വാസ കപ്പൽ വ്യൂഹത്തിനെതിരെ ഇസ്രയേൽ നടത്തിയ കടന്നാക്രമണം ചരിത്രത്തിലെ ഒരു വഴിത്തിരിവായിത്തീരുമെന്ന് ഞാൻ കരുതുന്നു. ഒരു ജനവിഭാഗത്തിന്റെയോ നാടിന്റെയോ മേഖലയുടെയോ നിർണായക വഴിത്തിരിവുകൾ രൂപപ്പെടുന്നത് ഇങ്ങനെയൊക്കെ തന്നെയായിരിക്കും. ഇത്തരം നീക്കങ്ങൾ നടത്തുന്ന ആളുകൾ വിചാരിച്ചിട്ടുണ്ടാവില്ല, തങ്ങൾ ചരിത്രഗതിയിലെ വലിയൊരു ദിശാമാറ്റത്തിന് തുടക്കമിടുകയാണെന്ന്. ആ നീക്കം വളരെ നിർണായകമായിരുന്നുവെന്ന് പിന്നീടുള്ള ചരിത്രം രേഖപ്പെടുത്തുകയാണ് ചെയ്യുക.

ഇവിടെ നിരായുധരായ ഒരു സംഘം സമാധാന പ്രവർത്തകർ. മറുവശത്ത് സർവായുധ വിഭൂഷിതരായി ഇസ്രയേലീ സൈനിക വിഭാഗം. എന്നിട്ടും ശത്രുവിനെതിരെ നിർണായക വിജയം നേടാൻ സമാധാന പ്രവർത്തകർക്കായി. ബദ്റിന്റെ തൊട്ടു മുമ്പ് ഖുറൈശി കച്ചവട സംഘത്തെ തടയാൻ ചെന്ന നബിയുടെയും അനുചരന്മാരുടെയും നീക്കത്തോട് ചില നിലകളിൽ ഇതിന് സാദൃശ്യ

മുണ്ടെന്നാണ് എന്റെ വിചാരം. ആ നീക്കം അതോടെ അവസാനിക്കുകയായിരുന്നില്ല; ഒരു നിർണാ യക യുദ്ധത്തിലേക്കും യുദ്ധവിജയത്തിലേക്കും നയിക്കുകയായിരുന്നു. അത് മേഖലയിലെ ശാക്തിക സന്തുലനത്തെ തകിടം മറിക്കുകയും ഖുറൈശി മേധാവിത്വത്തിന്റെ അന്ത്യത്തിന് തുടക്കം കുറിക്കു കയും ചെയ്തു. ഇതുപോലുള്ള എന്തെങ്കിലും ദിശാ സൂചനകൾ സമാധാനകപ്പൽ വ്യൂഹം ആക്രമി ക്കപ്പെട്ട സംഭവത്തിലുണ്ടോ? നമുക്ക് പരിശോധിക്കാം.

## ദിശാ സൂചനകൾ

1. ഈ മുഖാമുഖത്തിൽ ജയിച്ചതാര്, തോറ്റതാര് എന്ന കാര്യത്തിൽ ഇന്നാർക്കും സംശയമില്ല. സമാധാനക്കപ്പലിൽ സഞ്ചരിച്ച ധീരയോദ്ധാക്കളുടെ ആത്മവിശ്വാസവും വിജയപ്രതീക്ഷയും അഭി മാനബോധവും എത്രമാത്രം ഉയരത്തിലാണ്! എന്തൊരു ജനകീയ വരവേൽപ്പാണ് അവർക്ക് സ്വന്തം നാടുകളിൽ ലഭിച്ചത്! സമാധാനക്കപ്പലിൽ കയറിയതിൽ ഒട്ടും നിരാശയോ ഖേദമോ ഇല്ലെന്നും ഗസ്സ ലക്ഷ്യം വെച്ച് നീങ്ങുന്ന അടുത്ത കപ്പലിൽതന്നെ തങ്ങളെല്ലാവരും ഉണ്ടാവുമെന്നുമാണ് അവർ പറയുന്നത്. സമാധാന കപ്പലിൽ സഞ്ചരിച്ച തുർക്കി ദമ്പതികൾ. ഇസ്രയേലീ ആക്രമണത്തിൽ ഭർത്താവ് രക്തസാക്ഷിയായി. അദ്ദേഹത്തിന്റെ മരണത്തിൽ താൻ ദുഃഖിക്കുന്നില്ലെന്നും അദ്ദേഹ ത്തോടൊപ്പം ആ അനശ്വരയാത്രയിൽ പങ്കാളിയാകാൻ കഴിയാത്തതിലുള്ള സങ്കടമേ തനിക്കുള്ളൂ വെന്നും വിധവയായ ആ ധീര മഹതി പറയുന്നു. രക്തസാക്ഷിത്വം എന്ന മഹോന്നത പദവി തനിക്ക് ലഭിച്ചില്ലല്ലോ. എന്നാൽ അതിക്രമം നടത്തിയ ഇസ്രയേലീ ചേരിയിൽ എന്താണ് നടക്കുന്നത്? പര സ്പരം പഴിചാരൽ, കുറ്റപ്പെടുത്തൽ, സ്വയം വരുത്തിവെച്ച ഈ അനർഥത്തിൽ തങ്ങൾ പങ്കാളികള ല്ലെന്ന ഓരോ വിഭാഗത്തിന്റെയും ഒഴിഞ്ഞു മാറൽ. ഒരു അന്വേഷണ കമീഷനെ നിയമിക്കാനും തീരുമാനമെടുത്തിരിക്കുന്നു. ഇസ്രയേൽ തോറ്റ യുദ്ധങ്ങളിലൊക്കെ ഇത് പതിവുള്ളതാണ്. ലബനാ നിലെ നൂറ് കണക്കിന് മാത്രം വരുന്ന മിലീഷ്യകളുടെ മുമ്പിൽ ഇസ്രയേൽ നിരന്തരം പരാജയപ്പെടു ന്നത് നാം കണ്ടു. 2006–ൽ ഇതേ മിലീഷ്യകളിൽനിന്ന് അവർക്ക് കനത്ത പരാജയമേറ്റു. ലബനാൻ വിട്ടോടാൻ അതാണ് കാരണം. കഴിഞ്ഞ വർഷം ഗസ്സക്കെതിരെ നടത്തിയ ആക്രമണവും അന്തിമ വിശകലനത്തിൽ വിജയം കണ്ടില്ല. ചുരുക്കത്തിൽ ഇസ്രയേൽ അവസാനം നേടിയ യുദ്ധ വിജയം 1967–ൽ ആണെന്ന് കാണാൻ കഴിയും. അതാകട്ടെ ഇവരുടെ ഒന്നാം തലമുറ നേടിയ യുദ്ധവിജയ വും. ഇപ്പോൾ കാലം കുറെ പിന്നിട്ടിരിക്കുന്നു. അവരുടെയും നമ്മുടെയും പുഴകളിലൂടെ വെള്ളം ഒരുപാട് ഒഴുകിപ്പോയിരിക്കുന്നു.

2. ഇസ്രയേലി പത്രങ്ങളും ഇത് കനത്ത പരാജയമായാണ് വിലയിരുത്തിയത്. ആത്മഹത്യാ പരം (ജൂൺ4), ഗർത്തത്തിലേക്ക് പടനയിക്കുന്നു (ജൂൺ 7) എന്നൊക്കെയാണ് *ഹാരെറ്റ്സ്* ദിന പത്രം വിശേഷിപ്പിച്ചത്. പാണ്ഡു രോഗിയെപ്പോലെ ഇസ്രയേൽ വെറുക്കപ്പെട്ടതും തിരസ്കൃതവു മായി എന്ന് അതേ പത്രം പരിതപിക്കുന്നു. ഗസ്സ ഉപരോധം എടുത്ത് മാറ്റുകയല്ലാതെ ഇനി പോംവ ഴിയില്ലെന്നും ഇത് ഹമാസ് നേടിയ വിജയമാണെന്നും പത്രം തുടർന്നെഴുതുന്നു.

3. എക്കാലവും ഇസ്രയേലിനോടൊപ്പം നിന്ന അവരുടെ കൂട്ടാളികൾ സയണിസ്റ്റ് രാഷ്ട്രത്തെ കൈവിട്ടു എന്നതാണ് മറ്റൊരു സംഭവ വികാസം. എല്ലാവരും ഇതിനെ ഇസ്രയേലിന്റെ മണ്ടത്തര മായി മാത്രമേ കാണുന്നുള്ളൂ. ഉപരോധം നീക്കണമെന്ന് ഒരാൾ പോലും ആവശ്യപ്പെട്ടില്ലെങ്കിൽ പോലും കണ്ണിൽ ചോരയില്ലാത്ത ഈ ഉപരോധമതിലിന് ആഴത്തിൽ വിള്ളൽ വീണു കഴിഞ്ഞു. ഈ കുറ്റകൃത്യത്തിൽ പങ്കാളിയാവാൻ ഒരാളും മുന്നോട്ടു വന്നിട്ടില്ല. കാറ്റിന്റെ ദിശ നോക്കി അമേരി ക്കൻ പ്രസിഡന്റ് ഒബാമ വരെ, ഉപരോധം ലഘൂകരിക്കണമെന്നും ഭാവിയിലിത് തുടരാൻ സാധ്യമാ യിക്കൊള്ളണമെന്നില്ലെന്നുമാണ് പ്രതികരിച്ചത്. ഒട്ടും ലജ്ജയില്ലാതെ ഗസ്സയുടെ മറ്റേ അതിരിൽ ഉരുക്ക് മതിൽ പണിയാൻ പരിപാടിയിട്ടവർ (ഈജിപ്ത്) വരെ അവരുടെ നിയന്ത്രണത്തിലുള്ള റഫാഹ് ചെക്പോസ്റ്റ് തുറന്നുകൊടുക്കുന്നതാണ് കണ്ടത്. അപ്പോൾ മാറ്റങ്ങൾ ഉണ്ടായില്ലേ? വിജയക്കൊടു ങ്കാറ്റാണ് ആ ചെക്പോസ്റ്റ് തുറപ്പിച്ചത്. ഫ്രീഡം ഫ്ളോറ്റിലയിൽ യാത്ര ചെയ്തവർ ഇങ്ങനെയൊരു വൻ വിജയം സ്വപ്നം കണ്ടിട്ടുപോലുമുണ്ടാവില്ല. പക്ഷേ, അതാണ് സംഭവിച്ചത്.

4. ഇതോടെ ലോകത്തിന്റെ മുഖ്യ ശ്രദ്ധ ഫലസ്ത്വീനിൽ നടക്കുന്ന അതിക്രമങ്ങളിലേക്കും മനുഷ്യാവകാശ ലംഘനങ്ങളിലേക്കും തിരിച്ചുവന്നു. മീഡിയയും അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളും പ്രാദേശിക കൂട്ടായ്മകളും പ്രശ്നം ഏറ്റെടുത്തു. ഫ്രീഡം ഫ്ളോട്ടില ആക്രമണ ത്തിനെതിരെ പ്രതിഷേധ പ്രകടനം നടക്കാത്ത ഒരു നാടും ഇല്ല എന്നതാണ് വാസ്തവം. മാനുഷി

കവും മതകീയവുമായ മാനങ്ങളും പ്രശ്നത്തിന് ഉണ്ടായിക്കഴിഞ്ഞു. മാറ്റത്തിന്റെ ശക്തികളും 'ഫണ്ടമെന്റലിസ്റ്റു'കളും പൊതുജനാഭിപ്രായം നിർമിച്ചെടുക്കാൻ പ്രാപ്തിയുള്ളവരായി മാറിയിരിക്കുന്നു.

5. തുർക്കി പോലുള്ള ഒരു മേഖലാ ശക്തി ഉപരോധത്തിനെതിരെ പരസ്യമായി രംഗത്ത് വന്നു എന്നതു വളരെ പ്രധാനമാണ്. ഇത്തരം രാഷ്ട്രങ്ങൾ വിരലിലെണ്ണാൻ പോലുമില്ല. തുർക്കിയുടെ ഇടപെടലാവട്ടെ മുമ്പെങ്ങുമില്ലാത്തവിധം തീപ്പൊരി പാറിച്ചും. ഇത് തുർക്കിയും ഇസ്രയേലും തമ്മിൽ പതിറ്റാണ്ടുകളായി തുടരുന്ന ബന്ധത്തെയും പൊതുതാൽപര്യ വിഷയങ്ങളെയും സാരമായി ബാധിച്ചുകഴിഞ്ഞു. തുർക്കി സ്വന്തം കൊടി കെട്ടിയ ഒരു കപ്പൽവ്യൂഹത്തെയാണല്ലോ അങ്ങോട്ടയച്ചത്. ഇസ്രയേൽ ഭയങ്കരമായി പ്രകോപിതമാവാൻ ഇതാണ് കാരണം. ഇസ്രയേൽ–തുർക്കി ബന്ധങ്ങളിൽ ഭീമൻ ഗർത്തങ്ങളാണ് രൂപപ്പെട്ടിരിക്കുന്നത്. ഫലസ്ത്വീൻ പ്രശ്നത്തിലേക്ക്  ഒരു പുതിയ അശ്വഭടൻ പ്രവേശിക്കുകയാണ്. അറബികളെ ചിത്രത്തിലെങ്ങും കാണാനേയില്ല. ഇതുപോലൊരു നിർണായക സന്ദർഭത്തിൽ തന്നെയായിരുന്നല്ലോ തുർക്കി ജനത ഇസ്‌ലാമിക ചരിത്രത്തിലേക്ക് കടന്നുവന്നത്. അക്കാര്യം മഹാനായ ചരിത്രകാരൻ അബ്ദുർറഹ്മാൻ ബ്നു ഖൽദൂൻ തന്നെ വിവരിക്കട്ടെ:

"അറബിസംസ്കാരം ആഡംബരങ്ങളിൽ മുഴുകിയ ഒരു കാലം. ഒന്നിനും കഴിവില്ലാതെ ഒരു ദുരന്തമുഖത്തായിരുന്നു ആ ജനത. മുസ്‌ലിംകളല്ലാത്ത താത്താരികൾ എന്ന പുറംശക്തിയാൽ അബ്ബാസി സാമ്രാജ്യവും അതിന്റെ മനോഹര നിർമിതിയും തൂത്തെറിയപ്പെട്ടു..... ജനം ആഡംബരങ്ങളിൽ മുങ്ങിപ്പൊങ്ങി തന്നെ ജീവിച്ചു. ഇഛാശക്തി തകർന്ന് ഒന്നിനും തയാറാകാതെ ആ സമൂഹം ചടഞ്ഞിരിക്കാൻ തുടങ്ങി. അല്ലാഹുവിന്റെ അപാരമായ കൃപാ കടാക്ഷങ്ങളാൽ, അല്ലാഹു പുനരുജ്ജീവിപ്പിക്കുമെന്ന് വാക്കുതന്ന ഈമാൻ ഒരു ജനവിഭാഗത്തിന്റെ പുതുരക്തം ഏറ്റുവാങ്ങി. തുർക്കി ജനവിഭാഗമായിരുന്നു അത്. അവരുടെ ഗോത്ര സംഘശക്തി അപാരമായിരുന്നു. അവർ ഇസ്‌ലാമിലേക്ക് വരുന്നത് ഈമാനിക ഇഛാശക്തിയും കളങ്കം പുരളാത്ത ബദവി സംസ്കൃതിയും ആവാഹിച്ചുകൊണ്ട്. ദേഹേഛകൾ അവരുടെ ശുദ്ധ പ്രകൃതത്തെ സ്പർശിച്ചിരുന്നില്ല." ■